"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ (ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ) വകുപ്പ് - കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്റ്റാറ്റജിക് കൗൺസിൽ - ഫ്രീഡം ഫെസ്റ്റ് 2023 (Freedom Fest 2023) -ൽ - പങ്കെടുക്കാൻ താല്പര്യമുള്ള സർക്കാർ സ്ഥാപനങ്ങൾക്ക സോപാധിക അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആസൂത്രണ സാമ്പത്തികകാര്യ (ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ) വകുപ്പ്**

സ.ഉ.(സാധാ) നം.66/2023/PLG&EA (DVPMT & INNOVATION) തീയതി,തിരുവനന്തപുരം, 04-07-2023

---

പരാമർശം:-

1. സ.ഉ.(സാധാ) നം.7962/2022/GEDN തീയതി 14-12-2022
2. 24/12/2022-ന് ഇലക്ട്രോണിക്സ് ആൻഡ് ഐടി വിഭാഗത്തിന്റെ സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്
3. 02.06.2023-ലെ ഫ്രീഡം ഫെസ്റ്റ് അക്കാദമിക കമ്മിറ്റി കൺവീനറുടെ കത്ത്

**ഉത്തരവ്**

കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ 2023 ഓഗസ്റ്റിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 'സ്വതന്ത്ര വിജ്ഞാനോത്സവം' (Freedom Fest 2023), വിജ്ഞാനം പ്രാപ്തമാകുന്നതിലെ അസമത്വങ്ങൾക്കെതിരെ നിലകൊള്ളുന്ന എല്ലാവരെയും ഒരുമിപ്പിക്കുന്ന ഒരു ബൃഹത്തായ പരിപാടിയായി വിഭാവനം ചെയ്തിട്ടുള്ളതാണ്. ഒരു വിജ്ഞാന സമൂഹമായി കേരളത്തിന്റെ പരിവർത്തനത്തിൽ വിജ്ഞാനത്തിന്റെയും, നൂതനാശയനിർമിതിയുടെയും സാങ്കേതികവിദ്യയുടെയും പ്രയോജനങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും പ്രാപ്യമാണെന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള ആത്മാർത്ഥമായ പരിശ്രമമാണ്—നൊബേൽ സമ്മാന ജേതാക്കൾ ഉൾപ്പെടെയുള്ള പ്രശസ്തരായ വിദഗ്ധർ, പ്രാക്ടീഷണർമാർ, വിദ്യാർത്ഥികൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുന്ന—ഈ പരിപാടി.

2. പരാമർശം 1-ലെ ഉത്തരവ് പ്രകാരം ഈ മേഖലയിലെ സർക്കാർ-ഗവേഷണ-സന്നദ്ധ പ്രവർത്തന സംഘടനകളുമായി ചേർന്ന് 'സ്വതന്ത്ര വിജ്ഞാനോത്സവം' നടത്തുന്നതിനായി കൈറ്റിനു അനുമതി നൽകിയിട്ടുണ്ട്. ഇതേ തുടർന്ന് 24/12/2022-ന് ഇലക്ട്രോണിക്സ് ആൻഡ് ഐടി വിഭാഗത്തിന്റെ സെക്രട്ടറി വിളിച്ച കൂട്ടിയ യോഗത്തിൽ (പരാമർശം 2), KDISC, ICFOSS, DUK, CDIT, KSITM തുടങ്ങിയ സ്ഥാപനങ്ങളെ ഔദ്യോഗികമായി പങ്കാളികളാക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

3. കെഡിസ്ക് ഉൾപ്പെടെ താഴെ പറയുന്ന 14 സർക്കാർ സ്ഥാപനങ്ങൾ ഇതിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്.

i. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) )
ii. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി എഡ്യൂക്കേഷൻ (KITE )
iii. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നോവേഷൻ ആൻഡ് ടെക്നോളജി (DUK )

iv. സെന്റർ ഫോർ ഡെവലപ്‌മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (CDIT )
v. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ICFOSS )
vi. കേരള സ്റ്റേറ്റ് ഐ. ടി മിഷൻ (KSITM)
vii. കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM )
viii. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT)
ix. കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (KSDMA)
x. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്- ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (KSCSTE)
xi. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)
xii. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (KSDP)
xiii. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ (KELTRON)
xiv. കേരള മീഡിയ കമ്മിറ്റി

മറ്റു നിരവധി സർക്കാർ സ്ഥാപനങ്ങൾക്ക്, ഇതിന്റെ വിവിധ സെഷനുകളിലും എക്സിബിഷനിലും പങ്കെടുക്കാൻ താല്പര്യമുണ്ടെന്നും, അതിന് അവർക്ക് ഔദ്യോഗികമായ അനുവദനീയ അനുമതി (permissive sanction) സർക്കാരിൽ നിന്നും ലഭിക്കണമെന്നും അറിയിച്ചുകൊണ്ട് വിജ്ഞാനോത്സവത്തിന്റെ കൺവീനർ ശ്രീ. കെ. അൻവർ സാദത്ത്, പരാമർശം-3 പ്രകാരം സൂചിപ്പിച്ചിരുന്നു. ഇതിനായി വേണ്ടിവരുന്ന ചിലവുകൾ അംഗീകൃത പദ്ധതികളിൽ നിന്ന് വഹിച്ചുകൊണ്ട്, ഫ്രീഡം ഫെസ്റ്റ് 2023-ൽ പങ്കെടുക്കാൻ താല്പര്യമുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് സോപാധിക അനുമതി (permissive sanction) നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജ്ഞാനോത്സവത്തിന്റെ പ്രവർത്തനത്തിന് വേണ്ടിവരുന്ന ചെലവുകൾ അംഗീകൃത പദ്ധതികളിൽ നിന്നോ / സ്വന്തം ഫണ്ടിൽ നിന്നോ വഹിച്ചുകൊണ്ട്, ഫ്രീഡം ഫെസ്റ്റ് 2023-ൽ പങ്കെടുക്കാൻ താല്പര്യമുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് സോപാധിക അനുമതി (permissive sanction) നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ.എം.എബ്രഹാം
EX-OFFICIO SECRETARY

1. എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കെ-ഡിസ്ക്
2. അഡിഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫ്‌യേഴ്സ് വകുപ്പ്
3. അഡിഷണൽ ചീഫ് സെക്രട്ടറി, ഫിനാൻസ് വകുപ്പ്
4. മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്
5. പ്രിനിസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A & E ), കേരള, തിരുവനന്തപുരം
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
7. ധനകാര്യ വകുപ്പ്
8. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും വകുപ്പ് മേധാവികൾക്കും
9. I & PR (വെബ്, ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10. പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ്
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ാ.ഉ.(സാധാ) നം.66/2023/PLG&EA (DVPMT & INNOVATION)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
4. ചീഫ് സെക്രട്ടറിയുടെ കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ്